# കാലിക്കറ്റ് സർവകലാശാല

## ആഭ്യന്തര ഓഡിറ്റ് വിഭാഗം

43713/FIN-INT.AUDIT-1/2018/Fin 16.01.2019

കാലിക്കറ്റ് സർവകലാശാലയുടെ ഉടമസ്ഥതയില്ലുള്ള സ്ഥലത്തു സ്വന്തമായി നിർമിച്ച കെട്ടിടത്തിലാണ് പാലക്കാട് ജില്ലയിലെ **CUTEC കൊടുവായൂർ,** പ്രവർത്തിക്കുന്നത്. ആറു സെമെസ്റ്ററുകളായി, രണ്ടു വര്ഷം ദൈർഘ്യമുള്ള ഒരു ബാച്ചിൽ 50 അധ്യാപക വിദ്യാർത്ഥികൾക്ക് അഞ്ച് ഐച്ഛിക വിഷയങ്ങളിലായി B Ed.പഠനത്തിനുള്ള സൗകര്യമാണ് ഇവിടെയുള്ളത്. സ്വകാര്യ വ്യക്തികൾക്ക് വൻതുക കെട്ടിട വാടകനൽകി പാലക്കാട് ജില്ലയിൽ തന്നെ, പ്രവർത്തിച്ചുവരുന്നതും ലാഭകരമല്ല എന്നു കണ്ടെത്തിയിട്ടുള്ളതുമായ, സർവകലാശാലാ സ്വാശ്രയവിദ്യാഭ്യാസ കേന്ദ്രങ്ങളെ സർവകലാശാലയുടെ ഉടമസ്ഥതയില്ലുള്ള ഒരേ കാമ്പസ്സിൽ കൊണ്ടുവരാനാവശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതാണ്. ആയതിന് അനുയോജ്യമായ വിധത്തിൽ കെട്ടിടങ്ങൾ രൂപകൽപന ചെയ്യാവുന്നതുമാണ്. ***സർവകലാശാലയ്ക്ക് അവകാശപ്പെട്ടതും എന്നാൽ അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്നതുമായ മറ്റൊരു സ്ഥലം കൂടി കൊടുവായൂരിൽ ഉണ്ടെന്നും അറിയുന്നു.***

ഓഫീസിൽ സൂക്ഷിക്കുന്ന രേഖകളും രെജിസ്റ്ററുകളും ആഭ്യന്തര ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു.

**1) കാഷ് ബുക്ക്**

കാഷ് ബുക്ക് പരിശോധിച്ചു.
PA അക്കൗണ്ട്, ജനറൽ അക്കൗണ്ട്, SWF അക്കൗണ്ട് എന്നിങ്ങനെ മൂന്നു സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ വഴിയുള്ള ഇടപാടുകൾ ആണ് കാഷ് ബുക്കിൽ രേഖപ്പെടുത്തി വരുന്നത്. ഇടപാടുകൾ ഒരു അക്കൗണ്ട് വഴി ചെയ്യാവുന്നതാണ്. ഉത്തരവാക്കി അക്കൗണ്ടുകൾ ഏകീകരിക്കേണ്ടതാണെന്നു നിർദ്ദേശിച്ചു.

| Cash Balance on 27.12.2018 | | | |
|---|---|---|---|
| | SBI Koduvayur. A/c. No. | Cash book | Pass Book |
| PA. A/c | A/c. No. 57041296543 | Rs. 11205.00 | Rs. 10104.00 |
| Gen. A/c | A/c. No. 57041291782 | Rs. 75195.00 | Rs. 75854.00 |
| SWF. A/c | A/c .No. 57041291602 | Rs. 12270.00 | Rs. 12378.00 |
| | Total | Rs. 98670.00 | Rs. 98336.00 |

**2) പി .ടി .എ .കാഷ് ബുക്ക്**

PTA കാഷ് ബുക്കിൽ ഉപയോഗിച്ച ചെക്കുകളും നമ്പറും തിയ്യതിയും രേഖപ്പെടുത്തുന്നില്ല എന്നത് അപാകതയായി കാണുന്നു.

14 .11 .2018 ൽ കാഷ് ബുക്ക് പ്രകാരവും, ബാങ്ക് പാസ് ബുക്ക് പ്രകാരവും നീക്കിയിരിപ്പ് തുക 82709 / - രൂപയാണെന്ന് കാണുന്നു. അപാകതകളില്ല

**3) ചെക്ക് രജിസ്റ്റർ**

ഉപയോഗിക്കുന്ന ചെക്കുകൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായും വ്യക്തമായും രെജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
ചെക്ക് നമ്പർ 815079, 815083 എന്നിവ കാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെക്കുകൾ സൂക്ഷിച്ചതായി കാണുന്നില്ല.

**4) അക്വിറ്റൻസ് രജിസ്റ്റർ**

17/ 11/ 2017 ൽ സര്വകലാശാലാനൽകിയ നമ്പർ 257392 തിയ്യതി 13.11.2017 ചെക്ക് പ്രകാരം 33226 /- രൂപ 12 പേർക്ക് റെമ്യൂണറേഷൻ ഇനത്തിൽ നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിൽ വിതരണം ചെയ്യേണ്ട തുകകൾ ചെക്ക് വഴി മാത്രം നൽകേണ്ടതാണെന്നും ആയത് ചെക്ക് വഴിയുള്ള ഇടപാടുകൾ രേഖപ്പെടുത്തുന്ന രെജിസ്റ്ററിൽ ചേർക്കേണ്ടതുമാണെന്നു നിർദ്ദേശിച്ചു.

**5) PA രജിസ്റ്റർ**

രജിസ്റ്റർ പരിശോധിച്ചു.

21 .11 .2018 ൽ രജിസ്റ്റർ പ്രകാരം കൈവശമുള്ള തുക 164 രൂപ എന്ന് കാണുന്നു. എന്നാൽ 27.12.2018 ൽ ബാങ്ക് പാസ് ബുക്ക് (SB A / c നമ്പർ 57041 296543) പ്രകാരം 10104/- രൂപയാണ്. നാൾവഴി കൃത്യമായി ബാങ്കുമായി ഐക്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**6) അപ്പ്രോപ്രിയേഷൻ രജിസ്റ്റർ**

അപ്പ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് . അപാകതകളില്ല

**7) ഇ- ഗരാന്റ്സ് രജിസ്റ്റർ**

ഇ ഗരാന്റ്സ് രജിസ്റ്റർ പ്രത്യേകം സൂക്ഷിക്കുന്നില്ല. പകരം FFR ൽ രേഖപ്പെടുത്തുന്ന രീതിയാണുള്ളത്. E Grants സംബന്ധമായ എല്ലാ ഇടപാടുകളും സംബന്ധിച്ചുള്ള വിശദമായ രേഖപ്പെടുത്തലുകൾക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും മേലൊപ്പ വാങ്ങി ആധികാരികത ഉറപ്പുവരുത്തേണ്ടതുമാണ്.( IAW Circular No.2609/2012 dated 05.09.2018 ശ്രദ്ധിക്കുക.)

ഇ ഗ്രാന്റ്സ് Current A/c No. 30850811745. അക്കൗണ്ട് പ്രകാരം 01.12.2018 തിയ്യതിക്ക് 6,456/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. പരീക്ഷ ഫീസിനത്തിൽ വിദ്യാർത്ഥികൾക്ക് മടക്കിനൽകാനുള്ള തുകയാണ് ഇതെന്ന് മനസിലാക്കുന്നു. ആയത് നിയമാനുസൃതം വിതരണം ചെയ്ത് അക്കൗണ്ട് നീക്കിയിരിപ്പ് 0 / -ആക്കി ഉടരേണ്ടതാണ്.

**8) അഡ്മിഷൻ രജിസ്റ്റർ, 9)അറ്റൻൻസ് രജിസ്റ്റർ ,10)സ്റ്റോക്ക് രജിസ്റ്റർ** എന്നിവയും അനുബന്ധ വൗച്ചറുകൾ, ചലാൻ, മുതലായവയും പരിശോധിച്ചു. അപാകതകളില്ല.

**11) അസെഷൻരജിസ്റ്റർ**

പരിശോധിച്ചു. 4886 പുസ്തകങ്ങൾ ലൈബ്രറിയിൽ സ്റ്റോക്ക് ഉള്ളതായി കാണുന്നു. 28.12.2015 ന ശേഷം പുസ്തകങ്ങൾ വാങ്ങിയിട്ടില്ല.

Suresh K.K

Finance Officer